പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*266.

9.7.2015 - ൽ
മറുപടിയ്ക്ക്

## സ്വയംഭരണ കോളേജുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.ഹംസ. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ചില കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള സർക്കാർ തീരുമാനം ഉന്നത വിദ്യാഭ്യാസ മേഖലയെ പുറകോട്ടടിപ്പിക്കുമെന്ന ആക്ഷേപങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ ഉന്നതനിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായ സമിതി ഇതു സംബന്ധിച്ച് എല്ലാവിധ അഭിപ്രായങ്ങളും പരിഗണിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. |
| (ബി) | ഏതെല്ലാം കോളേജുകൾക്കാണ് ഇതിനകം സ്വയംഭരണ പദവി നൽകിയിട്ടുള്ളത്; ഇവയുടെപ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) | ചുവടെ ചേർത്തിട്ടുള്ള 11 കോളേജുകൾക്കാണ് യു.ജി.സി സ്വയംഭരണപദവി അനുവദിച്ചിട്ടുള്ളത്.<br>1.മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം<br>2.ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം<br>3.സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി<br>4.മഹാരാജാസ് കോളേജ്, എറണാകുളം<br>5.സെന്റ് തെരേസാസ് കോളേജ്, എറണാകുളം<br>6.സേക്രട്ട് ഹാർട്ട് കോളേജ്, തേവര,എറണാകുളം<br>7.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്എറണാകുളം<br>8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ |

9.എം.ഇ.എസ് കോളേജ്, മാമ്പാട്, മലപ്പുറം
10.ഫറോക്ക് കോളേജ്, കോഴിക്കോട്
11.സെന്റ് ജോസഫസ് കോളേജ്, ദേവഗിരി, കോഴിക്കോട്.

സ്വയംഭരണാവകാശം ലഭിച്ച കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശുപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിയ്ക്ക് അധികാരമുണ്ട്. സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഇക്കാര്യം ഉറപ്പാക്കിയിട്ടുമുണ്ട്. സ്വയംഭരണ അംഗീകാര സമിതി ഇത്തരമൊരു വിലയിരുത്തൽ നടത്തിയിട്ടില്ല.

| | | | |
|---|---|---|---|
| (സി) | കൂടുതൽ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഉണ്ട്. |

(ഡി) സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നതിനെതിരെ ഉയർന്നുവന്നിട്ടുള്ള ശക്തമായ പ്രതിഷേധം പരിഗണിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി ഏതെങ്കിലും കോളേജുകളുടെ കാര്യത്തിൽ പുനർവിചിന്തനം നടത്തിയിട്ടുണ്ടോ;

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മൂല്യത്തകർച്ചയും നിലവിലുള്ള പരിമിതമായ ജനാധിപത്യവകാശങ്ങൾ പോലും കവർന്നെടുക്കുന്നതിനും വിദ്യാഭ്യാസ രംഗം വാണിജ്യവൽക്കരി---ക്കുന്നതിനും കോളേജുകളുടെ സ്വയംഭരണവൽക്കരണം വഴിവെയ്ക്കുമെന്ന കാര്യം പരിശോധിക്കുമോ ; ഇതിന്റെ പശ്ചാത്തലത്തിൽ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ ?

(ഡി) യും (ഇ) യും കോളേജുകൾക്ക് സ്വയംഭരണപദവി അനുവദിക്കുന്നതിനെതിരെ ചില അദ്ധ്യാപക സംഘടനകളും വിദ്യാർത്ഥി സംഘടനകളും പ്രതിഷേധം ഉയർത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വയംഭരണാവകാശം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കോളേജുകളുടെ അക്കാദമിക് സ്വയംഭരണാവകാശം മാത്രമാണ്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി.,കാലിക്കറ്റ്, കണ്ണൂർ എന്നീ സർവകലാശാലകളുടെ ആക്ടിൽ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത കോളേജുകളുടെ പ്രവർത്തനം വിലയിരുത്താനും പരാതികൾ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി നടപടികൾ ശുപാർശ ചെയ്യാനും വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായുള്ള സ്വയംഭരണ അംഗീകാര സമിതിയ്ക്ക് അധികാരമുണ്ട്. അതിനാൽ ഇത്തരം ആശങ്കകളുടെ അടിസ്ഥാനത്തിൽ സ്വയംഭരണപദവി നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കേണ്ടതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ